പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 525 02/12/2014- ലെ മറുപടിക്ക്

**നിർമ്മാണ കരാറുകാരിൽനിന്നും ഈടാക്കുന്ന നികുതികൾ**

| ചോദ്യം<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിർമ്മാണ കരാറുകാരിൽ നിന്നും ഈടാക്കി വരുന്ന നികുതികൾ ഏതെല്ലാമാണെന്നു വിശദമാക്കാമോ; | (എ) | നിർമ്മാണ കരാറുകാരിൽ നിന്നും മൂല്യ വർദ്ധിത നികുതിയാണ് ഈടാക്കുന്നത്. ഒരു നിർമ്മാണ കരാറിൽ കൈമാറ്റം ചെയ്യപ്പെടുന്ന സാധനങ്ങൾക്കാണ് മൂല്യ വർദ്ധിത നികുതി നിയമ പ്രകാരം നികുതി ബാധകമായിട്ടുള്ളത്. കരാർ തുകയിൽ നിന്നും ലേബർ, സർവ്വീസ് ചാർജ്ജുകൾ മുതലായവ കുറച്ചതിനു ശേഷം കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുക്കളുടെ മൂല്യം കണ്ടുപിടിച്ച് അതിന്മേൽ പ്രഖ്യാപിത ചരക്കിന് 5 ശതമാനം, അല്ലാത്തതിന് 14.5 ശതമാനം നികുതിയാണ് സാധാരണ ഗതിയിൽ നിർമ്മാണ കരാറുകാർ നൽകുന്നത്. ഇതല്ലാതെ മൊത്തം കരാർ തുകയുടെ മേൽ ഒരു നിശ്ചിത ശതമാനം നികുതി നൽകി കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി ഒടുക്കാവുന്ന ഓപ്ഷനും നിർമ്മാണ കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. ഇതാണ് കരാർ മേഖലയിൽ നിലനിൽക്കുന്ന നികുതി ഘടന. |
| (ബി) | 2011-12, 2012-13, 2013-14, എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത നികുതികൾ മുഖേന ലഭിച്ച വരുമാനം സംബന്ധിച്ചും ഈ സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ നാളിതുവരെ ലഭിച്ച വരുമാനം സംബന്ധിച്ചുമുള്ള വിവരം ലഭ്യമാക്കാമോ; | (ബി) | വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്. |
| (സി) | ഈ വർഷം പുറപ്പെടുവിച്ച ഒർഡിനൻസ് മുഖേന നികുതിയിനത്തിൽ കോൺട്രാക്ടർമാർക്ക് നല്കിയ ഇളവുകൾ എന്തെല്ലാമെന്നും അതുവഴി വരുമാനത്തിലുണ്ടാവുന്ന | (സി) | കേരള ധനകാര്യ നിയമം 2014 ൽ വന്ന ഭേദഗതി അനുസരിച്ച് സംസ്ഥാനത്തിന് പുറത്ത് നിന്നും സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നവരോ കേന്ദ്ര വിൽപ്പന നികുതി നിയമത്തിൻ കീഴിൽ രജിസ്ട്രേഷൻ ഉള്ളവരോ ചരക്കുകൾ |

| | | | |
|---|---|---|---|
| | കുറവ് എത്രയാണെന്നും വ്യക്തമാക്കുമോ? | | കൊണ്ട് വരുമ്പോൾ മൊത്തം കരാർ തുകയുടെ 6% കോമ്പൗണ്ടഡ് നികുതിയും കൂടാതെ രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപാരികളിൽ നിന്നും വാങ്ങുന്ന നിർമ്മാണ വസ്തുക്കൾക്ക് വാറ്റ് നിയമത്തിലെ വകുപ്പ് 6(2) പ്രകാരമുള്ള വാങ്ങൽ നികുതിയും നൽകേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിരുന്നു. ഗവൺമെന്റ് കരാറുകാരുടെ കോമ്പൗണ്ടഡ് നികുതി 4% മറ്റുള്ളവർക്ക് 3% ആയും നിശ്ചയിച്ചിരുന്നു. പ്രസ്തുത ഭേദഗതിയുടെ ഫലമായി ഉണ്ടായിട്ടുള്ള ചില പ്രായോഗിക ബുദ്ധിമുട്ടുകൾ കരാറുപണിക്കാർ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരുകയും തൽഫലമായി നികുതി വരുമാനത്തിൽ നഷ്ടം ഉണ്ടാകാത്ത വിധത്തിൽ കോമ്പൗണ്ടിംഗ് നിരക്കിൽ ഒരു ശതമാനം വീതം വർദ്ധനവ് വരുത്തുകയും വകുപ്പ് 6(2) പ്രകാരമുള്ള വാങ്ങൽ നികുതി നൽകണമെന്ന വ്യവസ്ഥ പിൻവലിക്കുകയും ചെയ്തുകൊണ്ട് കരാർ പണിക്കാരുടെ കോമ്പൗണ്ടിംഗ് ഘടനയിൽ പുനഃക്രമീകരണം നടത്തിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് 6 ശതമാനം നിരക്ക് 7% ആയും, 4 ശതമാനം എന്നത് 5 % ആയും 3 ശതമാനം എന്നത് 4 ശതമാനമായും വർദ്ധിപ്പിക്കു കയുണ്ടായി. ഇത് റവന്യൂ ന്യൂട്രൽ റേറ്റ് ആണെന്നാണ് കണക്കാക്കി യിരിക്കുന്നത്. വാങ്ങൽ നികുതി ഒഴിവാക്കിയതിനെ തുടർന്നുണ്ടാകാവുന്ന റവന്യൂ നഷ്ടം കോമ്പൗണ്ട് നികുതി 1% ഉയർത്തിയതിലൂടെ പരിഹരിക്കുമെന്ന തിനാൽ റവന്യൂ നഷ്ടം ഉണ്ടാകാൻ സാദ്ധ്യതയില്ല. |

സെക്ഷൻ ഓഫീസർ